"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.232/ഡി സി.1/20/ തസ്വഭവ — തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 27/05/2020

## <u>സർക്കുലർ</u>

വിഷയം:- വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - കൊവിഡ്-19 വ്യാപനത്തോടനുബന്ധിച്ചുള്ള ലോക്ഡൗണിനു ശേഷം സംസ്ഥാനത്തെ വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നത് - എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾ പുന:രാരംഭിക്കുന്നതിനു തീരുമാനിച്ച സാഹചര്യത്തിൽ സ്കൂളുകളുടെ ശുചിത്വം, പരിസര ശുചിത്വം എന്നിവ ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1. പൊതു വിദ്യാഭാസ ഡയറക്ടറുടെ 05.05.2020-ലെ R&R(1)/90070/2020/DGEനമ്പർ സർക്കുലർ

2. 25/05/2020-ലെ സ.ഉ.(സാധാ.)നം.960/2020/ത.സ്വ.ഭ.വ.

***********************

കൊവിഡ്-19 വ്യാപനത്തോടനുബന്ധിച്ചുള്ള ലോക്ഡൗണിനു ശേഷം സംസ്ഥാനത്തെ വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് മുന്നോടിയായി, സർക്കാർ നിർദ്ദേശങ്ങൾക്കും ലോക്ഡൗൺ ഇളവുകൾക്കും വിധേയമായി നടത്തേണ്ട തയ്യാറെടുപ്പുകൾ സംബന്ധിച്ച് വിശദമായ സർക്കുലർ പൊതുവിദ്യാഭാസ ഡയറക്ടർ സൂചന(1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും തങ്ങളുടെ പരിധിയിൽ വരുന്ന വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി തെർമ്മൽ സ്കാനർ വാങ്ങി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനും ഇതിനായി പ്രസ്തുത തദ്ദേശസ്ഥാപനങ്ങൾക്ക് തങ്ങളുടെ തനത് ഫണ്ട് / പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണെന്നും സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സ്കൂളുകളുടെ ശുചിത്വം, പരിസര ശുചിത്വം, കൊവിഡ്-19 പ്രോട്ടോക്കോൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തൽ തുടങ്ങിയ കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പി.ടി.എ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ മേല്പറഞ്ഞ കാര്യങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുവാൻ ആവശ്യമായ നടപടികൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SMITHA B CHANDRA
Date: 2020.05.27 15:14:00 IST
Reason: Approved

സെക്ഷൻ ഓഫീസർ

R S KANNAN
SPECIAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ
പൊതുവിദ്യാഭാസ ഡയറക്ടർ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
ഓഫീസ് കോപ്പി/കരുതൽ ഫയൽ